**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.207 | 05.02.2018-ലെ മറുപടിയ്ക്ക്

## കേരള കായികക്ഷമത മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ**<br>**,, റ്റി.വി.രാജേഷ്**<br>**,, കെ.ഡി. പ്രസേനൻ**<br>**,, എം. സ്വരാജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ പ്രായത്തിലുള്ളവരുടെയും കായികക്ഷമത ഉയർത്തുന്നതിനായി സർക്കാർ പ്രഖ്യാപിച്ച കേരള കായികക്ഷമത മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; മിഷൻ പ്രാവർത്തികമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായിക ക്ഷമത മിഷൻ "<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിയ്ക്കുന്നതാണ്.<br>➢ നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ<br>➢ 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലം<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ<br>ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നു വരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലനപരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.<br>വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ |

| | | | |
|---|---|---|---|
| | | | കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ബി) | സാങ്കേതികത്വത്തിന്റെ പേരിൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ട മലയാളി താരത്തെയടക്കം സംരക്ഷിക്കാനും വിവിധ കായിക മത്സരയിനങ്ങളിൽ മികവ് തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനുമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും പിരിച്ചു വിട്ട ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>35-ാം ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കുമാരി എലിസബത്ത് സൂസൻ കോശി, ശ്രീ.സജൻ പ്രകാശ് എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനിൽഡാ തോമസിനും, കുമാരി അനു രാഘവനും വനം വകുപ്പിൽ ഗസറ്റഡ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br>35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയതും ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയതുമായ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.<br>ഏഷ്യൻ അത് ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതാവിഭാഗം 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക് തുടർ പരിശീലനച്ചിലവിലേയ്ക്കായി, സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/- രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ.അബ്ദുൽ കലാം |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/- രൂപയുടെ സ്കോളർഷിപ്പും അനുവദിച്ചിട്ടുണ്ട്.<br>2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി നേടിയവർക്ക് 7 ലക്ഷം രൂപ വീതവും, ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച ഉത്തരവായിട്ടുണ്ട്.<br>ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡും മറ്റ് അവാർഡുകളും നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് സ്കീമും നിലവിലുണ്ട്. പ്രതിവർഷം ദേശീയ അന്തർദേശീയ മത്സര വിജയികളായ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ |

| | | | |
|---|---|---|---|
| | | | ജോലി നൽകുന്ന സ്പോർട്സ് ക്വാട്ട നിയമന പദ്ധതി നിലവിലുണ്ട്. |
| (സി) | കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക സംഘടനകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 14 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 9 പദ്ധതിക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് |

| | | | |
|---|---|---|---|
| | | | നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സ്പോർട്സ് സംഘടനകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന് 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ടിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് പ്രകാരം ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം, ആ സ്പോർട്സ് സംഘടനയുടെ അംഗീകാരം, പൂർണ്ണവും സമഗ്രവുമായ ഒരു അന്വേഷണം നടത്തുന്നതുവരെ, ഇടക്കാല നടപടിയായി സസ്പെന്റ് ചെയ്യാവുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അധികാരമുണ്ട്. |

**സെക്ഷൻ ഓഫീസർ**